# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2066 — 12.02.2013-ൽ മറുപടിയ്ക്ക്

**കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>,, സി. മമ്മൂട്ടി<br>,, പി. ബി. അബ്ദുൾ റസാക് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി അനുസരിച്ചുള്ള കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി എത്ര ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | എ) സംസ്ഥാനത്ത് 9 ജില്ലകളിൽ കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

**തിരുവനന്തപുരം** ജില്ലയിൽ 0.4 ഹെക്ടറിൽ 4000 കാറ്റാടി തൈകൾ കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി പ്രകാരവും തീരദേശത്തെ 22 വാർഡുകളിലായി 106533 കാറ്റാടി തൈകൾ ഹരിത തീരം പദ്ധതി പ്രകാരവും നട്ടു വളർത്തിയിട്ടുണ്ട്.

**ആലപ്പുഴ** ജില്ലയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 190000 കാറ്റാടി തൈകൾ ഹരിതതീരം പദ്ധതിയിൽ ഉൾപ്പെടുത്തിയും 45000 കാറ്റാടി തൈകൾ ബ്ലോക്ക് പ്ലാന്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും 10 കിലോമീറ്റർ തീരത്ത് കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**കൊല്ലം** ജില്ലയിൽ പാപനാശത്ത് 0.95 ഹെക്ടർ സ്ഥലത്ത് 9500 കാറ്റാടി തൈകൾ കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ചിട്ടുണ്ട്. സുനാമി റീഹാബിലിറ്റേഷൻ പദ്ധതിയുടെ കീഴിൽ ഹരിത തീരം എന്ന പേരിൽ 5.50 ഹെക്ടർ സ്ഥലത്ത് തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**തൃശ്ശൂർ** ജില്ലയിൽ തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ചാവക്കാട് കടൽത്തീരത്ത് ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2007-2008, 2008- 2009 വർഷങ്ങളിൽ ഹരിത

തീരം പദ്ധതിയിൽ ചാവക്കാട് കടൽതീരത്ത് 12.8 ഹെക്ടർ സ്ഥലത്തും, ഹരിത കേരളം പദ്ധതി പ്രകാരം 2010- 11, 2011-12, 2012-13 വർഷങ്ങളിൽ യഥാക്രമം 8, 2,2 ഹെക്ടർ സ്ഥലത്തും കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് നടപ്പിലാക്കിയിട്ടുണ്ട്.

**എറണാകുളം** ജില്ലയിൽ കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ സുനാമി റീഹാബിലിറ്റേഷൻ പദ്ധതിയുടെ കീഴിൽ വൈപ്പിൻ തീരത്ത് ഹരിത തീരം എന്ന പേരിൽ 12.65 ഹെക്ടർ സ്ഥലത്ത് തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**കോഴിക്കോട്** ജില്ലയിലെ കോഴിക്കോട് റീജിയൺന്റെ കീഴിലുള്ള കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽപ്പെട്ട കോഴിക്കോട്, കൊയിലാണ്ടി, വടകര എന്നീ റെയ്ഞ്ചുകളിൽ 18 സ്ഥലങ്ങളിലായി മൊത്തം 13.85 ഹെക്ടർ സ്ഥലത്ത് കോസ്റ്റൽ ഷെൽട്ടർ പ്ലാന്റേഷൻ ഉണ്ടാക്കിയിട്ടുണ്ട്.

**മലപ്പുറം** ജില്ലയിലെ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽപ്പെട്ട പടിഞ്ഞാറേ തറയിൽ 4.5 ഏക്കർ സ്ഥലത്തും, പൊന്നാനി അഴിമുഖത്ത് 5 ഏക്കർ സ്ഥലത്തും കോസ്റ്റൽ ഷെൽട്ടർ പ്ലാന്റേഷൻ ഉണ്ടാക്കിയിട്ടുണ്ട്.

**കാസർഗോഡ്** ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം 54.8 ഹെക്ടർ സ്ഥലത്തും വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 32.8 ഹെക്ടർ സ്ഥലത്തും കടൽത്തീര സ്ഥലങ്ങളിൽ പ്ലാന്റേഷൻ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**കണ്ണൂർ** ജില്ലയിലെ കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 8 പഞ്ചായത്തുകളിലായി 23.35 ഹെക്ടർ സ്ഥലത്ത് കോസ്റ്റൽ ഷെൽട്ടർ പ്ലാന്റേഷൻ നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | ബി) തീരദേശമുള്ള ജില്ലകളിൽ എല്ലാം കോസ്റ്റൽ ഷെൽട്ടർ ബെൽറ്റ് പ്ലാന്റേഷൻസ് നടപ്പിലാക്കിയിട്ടുണ്ട്. |
| സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | സി) വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ